ഉത്തരം

(എ) "കൗൺസിൽ ഓഫ് ഡിവോട്ടീസ് ഇന്ററസ്റ്റഡ് ഇൻ ഗുരുവായൂർ ശ്രീകൃഷ്ണ ടെമ്പിൾ അഡ്മിനിസ്ട്രേഷൻ" എന്ന സംഘടനയും ഗുരുവായൂർ ദേവസ്വം ജീവനക്കാരും ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

(ബി) അഴിമതി ആരോപണങ്ങൾ, ദേവസ്വം ഫണ്ട് ദുർവിനിയോഗം ചെയ്യൽ തുടങ്ങിയവയാണ് പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. നിയമന കാര്യങ്ങളെക്കുറിച്ചും മറ്റും പൊതുവായ ആരോപണങ്ങൾ കമ്മിറ്റിക്കെതിരെ ഉന്നയിച്ചിട്ടുണ്ട്. അത് കൂടാതെ ബാങ്കുകളിൽ ദേവസ്വം ഫണ്ട് നിക്ഷേപിക്കുന്നത്, കാർ സ്വകാര്യ ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യൽ, ശ്രീവത്സം ഗസ്റ്റ്ഹൗസ് സൗകര്യം ദുരുപയോഗപ്പെടുത്തുക, ടെലിഫോൺ സൗകര്യങ്ങൾ ദുർവിനിയോഗം ചെയ്യുക തുടങ്ങിയ ആരോപണങ്ങളും അഴിമതി ആരോപണങ്ങളും ചെയർമാനെതിരെയും ഉന്നയിച്ചിട്ടുണ്ട്.

(ഇ)	1)	സാമൂതിരിരാജാ	സ്ഥിരാംഗങ്ങൾ
	2)	മല്ലിശ്ശേരി ഇല്ലത്തെ കാരണവർ	"
	3)	തന്ത്രി (എക്സ് ഒഫിഷ്യോ)	"
	4)	പ്രൊ. കെ.ആർ. രാമൻ കർത്താ	മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്തവർ
	5)	ശ്രീ. പി.കെ. നാരായണപണിക്കർ	"
	6)	ശ്രീ. മാടപ്പാട്ട് മുരളി	"
	7)	ശ്രീ. വി.കെ. ബാബു	"
	8)	ശ്രീ. കെടാമംഗലം സദാനന്ദൻ	"
	9)	ശ്രീ. എ. രാധാകൃഷ്ണൻ (ജീവനക്കാരുടെ പ്രതിനിധി)	"

71 (1520) ദേവസ്വംബോർഡിൽ ആശ്രിതർക്ക് ജോലി

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വംബോർഡിൽ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി അനുസരിച്ച് നിയമനം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർക്ക് നിയമനം നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അവർ ഏത് വർഷം മുതലുള്ള അപേക്ഷകരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേവസ്വംബോർഡുകളിൽ ആശ്രിതർക്ക് ജോലിനൽകുന്ന പദ്ധതിയനുസരിച്ച് നിയമനം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ല എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വംബോർഡിൽ ക്ലാർക്ക്/സബ്ഗ്രൂപ്പാഫീസർ തസ്തികയിൽ ആശ്രിത നിയമനത്തിന് തയ്യാറാക്കിയ ലിസ്റ്റിൽ 49 പേരും പ്യൂൺ/ക്ഷേത്ര ജീവനക്കാർ തസ്തികയിൽ നിയമനത്തിന് തയ്യാറാക്കിയ ലിസ്റ്റിൽ 4 പേരും ഉണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ അപേക്ഷകളൊന്നും നിലവിലില്ല.

(സി) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലിനൽകുന്ന പദ്ധതി 1986 ജൂലൈയിലാണ് ആവിഷ്കരിച്ചു നടപ്പിലാക്കിയത്. അതേത്തുടർന്ന് തയ്യാറാക്കിയ 91 പേരുടെ ലിസ്റ്റിൽ ക്ളറിക്കൽ വിഭാഗത്തിൽ നിയമനത്തിനായി ഇനി 15 പേരും തുടർന്ന് 1993-ൽ തയ്യാറാക്കിയ ലിസ്റ്റിൽ ക്ളറിക്കൽ വിഭാഗത്തിൽ നിയമനത്തിനായി 34 പേരും അവശേഷിക്കുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

72 (1521) ശ്രീ. ടി.പി. ഗോപിനാഥന് സ്ഥലം തിരിച്ചു നൽകുന്നതിന് നടപടി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഒ.എ. 1148/74-ാം നമ്പർ കേസിലെ വിധിപ്രകാരം ശ്രീ. ടി.പി. ഗോപിനാഥൻ, തെക്കേപ്പാട്ട് ഹൗസ്, ഷൊർണ്ണൂർ, പാലക്കാട് എന്നയാൾക്ക് സ്ഥലം തിരിച്ചു നൽകിയോ;

(ബി) ഇല്ലെങ്കിൽ സ്ഥലം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബ) ഈ കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

73 (1522) ഷൊർണ്ണൂർ മംഗലാപുരം റെയിൽപ്പാത

ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മംഗലാപുരം റെയിൽപ്പാത ഇരട്ടിപ്പിക്കുന്ന ജോലിയുടെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്തു നൽകിയോ;

(സി) ഇനി എത്ര ഭൂമി അക്വയർ ചെയ്തു കൊടുക്കേണ്ടതുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly